**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1597** **15-03-2022 - ൽ മറുപടിയ്ക്ക്**

**കർഷകർക്കുള്ള നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | null<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | അങ്കമാലി നിയോജകമണ്ഡലത്തിന്റെ പരിധിയിലുള്ള അങ്കമാലി, മഞ്ഞപ്ര, പാറക്കടവ്, മലയാറ്റൂർ നീലീശ്വരം, അയ്യമ്പുഴ, കറുകുറ്റി, മൂക്കന്നൂർ, തുറവൂർ, കാലടി എന്നീ കൃഷിഭവനുകളിൽ വിവിധ ഇനങ്ങളിലായി കർഷകർക്ക് നൽകേണ്ട നഷ്ടപരിഹാരവും മറ്റാനുകൂല്യങ്ങളും നൽകുന്നതിൽ ഭീമമായ തുക കുടിശ്ശിക ഉണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അപേക്ഷകർക്ക് ഇനി ഏതെല്ലാം ഇനത്തിൽ നഷ്ടപരിഹാരം കൊടുക്കാനുണ്ടെന്നും എത്ര തുക വേണ്ടി വരുമെന്നും കൃഷിഭവൻ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) | അങ്കമാലി നിയോജക മണ്ഡലത്തിലെ അങ്കമാലി, മഞ്ഞപ്ര, പാറക്കടവ്, മലയാറ്റൂർ നീലീശ്വരം, അയ്യമ്പുഴ, കറുകുറ്റി, മൂക്കന്നൂർ, തുറവൂർ, കാലടി കൃഷിഭവനുകളിലായി വിള ഇൻഷ്വറൻസ് പദ്ധതി മുഖേനയുള്ള നഷ്ടപരിഹാരമായി 9,62,630/- രൂപയും പ്രകൃതിക്ഷോഭങ്ങൾക്കുള്ള അടിയന്തിര ധനസഹായ പദ്ധതി മുഖേനയുള്ള (സംസ്ഥാന വിഹിതം) 25,93,046/- രൂപയും നൽകുവാനുണ്ട്. വിശദാംശം അനുബന്ധം - I ആയി ചേർക്കുന്നു. |
| (ബി) | മണ്ഡലത്തിലെ കേടായ തെങ്ങുകൾ വെട്ടിമാറ്റി പകരം തെങ്ങ് വയ്ക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് കർഷകർക്ക് നൽകേണ്ട നഷ്ടപരിഹാര തുക മേൽ പറഞ്ഞ ഏതെങ്കിലും കൃഷിഭവനിലെ കർഷകർക്ക് നൽകാനായി ബാക്കി നിൽക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം കൃഷിഭവനിലാണെന്നും ഈ ഇനത്തിൽ എത്ര തുക വീതമാണ് നഷ്ടപരിഹാരം നൽകാനായി വേണ്ടതെന്നുമുള്ള വിശദമായ കണക്ക് ലഭ്യമാക്കുമോ; | (ബി) | മണ്ഡലത്തിന്റെ വിവിധ പഞ്ചായത്തുകൾക്കായി നാളികേര വികസന ബോർഡിന്റെ തെങ്ങ് കൃഷി പുനരുദ്ധാരണ പദ്ധതി പ്രകാരം തെങ്ങ് വെട്ടിമാറ്റൽ, പകരം ആവശ്യമുള്ളിടത്ത് പുതിയ തെങ്ങിൻ തൈകൾ വെയ്ക്കൽ, വളം നൽകൽ എന്നീ ഘടകങ്ങളിലായി ആകെ 7,81,240/- രൂപയുടെ ആനുകൂല്യം വിതരണം ചെയ്യുവാനുണ്ട്. വിശദാംശങ്ങൾ അനുബന്ധം - II ആയി ചേർക്കുന്നു. പ്രസ്തുത തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പ്രളയവും, തുടർന്നുള്ള കോവിഡ്- 19 തരംഗങ്ങളും മൂലം ജീവിതം തകർന്ന കർഷകർക്ക് ലഭിക്കുവാനുള്ള നഷ്ടപരിഹാര തുക സമയബന്ധിതമായി നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;വിശദാംശം ലഭ്യമാക്കുമോ? | (സി) | നിലവിൽ കൃഷി വകുപ്പിന്റെ ഓൺലൈൻ പോർട്ടലായ AIMS മുഖേനയാണ് പ്രകൃതിക്ഷോഭ ദുരിതാശ്വാസ സഹായത്തിനുള്ള അപേക്ഷകൾ സമർപ്പിക്കുന്നതും സഹായധനം അനുവദിക്കുന്നതും. ഇതിനായി പ്രകൃതിക്ഷോഭം മൂലം കൃഷിനാശമുണ്ടായ കർഷകർ 10 ദിവസത്തിനുള്ളിൽ ഓൺലൈനായി പോർട്ടലിൽ അപേക്ഷ സമർപ്പിക്കണം. ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ 30 ദിവസത്തിനുള്ളിൽ പരിശോധനകൾക്കും അംഗീകാരത്തിനും ശേഷം ഫണ്ട് ലഭ്യമാകുന്നതനുസരിച്ച് ഡയറക്ട് ബെനിഫിറ്റ് |

| | | | |
|---|---|---|---|
| | | | ട്രാൻസ്ഫർ സംവിധാനത്തിലൂടെ നഷ്ടപരിഹാരത്തുക കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുന്നതിനാൽ കാലതാമസം ഒഴിവാക്കാൻ സാധിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം – I

| ക്രമ നം. | കൃഷിഭവൻ | വിള ഇൻഷ്വറൻസ് നഷ്ടപരിഹാരം | | പ്രകൃതിക്ഷോഭ ദുരിതാശ്വാസ സഹായം AIMS പോർട്ടൽ മുഖേന നൽകുവാനുള്ള തുക | |
|---|---|---|---|---|---|
| | | നേരിട്ടുള്ള അപേക്ഷ പ്രകാരം നൽകുവാനുള്ള തുക (രൂപ) | AIMS പോർട്ടൽ മുഖേന നൽകുവാനുള്ള തുക (രൂപ) | സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോണ്ടസ് ഫണ്ട് (SDRF) (രൂപ) | സംസ്ഥാന വിഹിതം (രൂപ) |
| 1 | അങ്കമാലി | 15300 | 0 | 0 | 374768 |
| 2 | അയ്യമ്പുഴ | 106000 | 57040 | 0 | 220673 |
| 3 | കാലടി | 0 | 157500 | 0 | 1087381 |
| 4 | കറുകുറ്റി | 98000 | 181600 | 0 | 96296 |
| 5 | മലയാറ്റൂർ നീലീശ്വരം | 52900 | 45100 | 0 | 488589 |
| 6 | മഞ്ഞപ്ര | 33900 | 79350 | 0 | 58101 |
| 7 | മൂക്കന്നൂർ | 37580 | 6860 | 0 | 71028 |
| 8 | തുറവൂർ | 0 | 69000 | 0 | 196210 |
| 9 | പാറക്കടവ് | 0 | 22500 | 0 | 0 |
| | **ആകെ** | **3,43,680** | **6,18,950** | **0** | **25,93,046** |

**സെക്ഷൻ ഓഫീസർ**

<u>അനുബന്ധം - II</u>

| പഞ്ചായത്തിന്റെ പേര് | തെങ്ങ് വെട്ടി മാറ്റൽ (ഒരു തെങ്ങിന് 1000 രൂപ) | തെങ്ങിന് വളം | പകരം തൈ നടുന്നതിന് സബ്സിഡി (ഒരു തെങ്ങിന് 40 രൂപ) | ആകെ (രൂപ) |
|---|---|---|---|---|
| മഞ്ഞപ്ര | 9 തെങ്ങ് - 9000/- രൂപ | - | | 9,000/- |
| കാഞ്ഞൂർ | 8 തെങ്ങ് - 8000/- രൂപ | | 320/- | 8,320/- |
| മൂക്കന്നൂർ | 7 തെങ്ങ് - 7000/- രൂപ | | 280/- | 7,280/- |
| തുറവൂർ | 8 തെങ്ങ് - 8000/- രൂപ | | | 8,000/- |
| മലയാറ്റൂർ | 16 തെങ്ങ് - 16000/- രൂപ | | | 16,000/- |
| കറുകുറ്റി | 512 തെങ്ങ് - 512000/- രൂപ | 1,40,000/- | 64,000/- | 7,16,000/- |
| അങ്കമാലി | 8 തെങ്ങ് - 8000/- രൂപ | | 320/- | 8,320/- |
| കാലടി | 8 തെങ്ങ് - 8000/- രൂപ | | 320/- | 8,320/- |
| **ആകെ** | **576 തെങ്ങ് - 5,76,000/- രൂപ** | **1,40,000/-** | **65,240/-** | **7,81,240/-** |

**സെക്ഷൻ ഓഫീസർ**